LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ട ഊർജ്ജ വകുപ്പിന്റെ പദ്ധതികൾ

35 (2273) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എം. ഉമ്മർ ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ട ഊർജ്ജ വകുപ്പിന്റെ കീഴിലുള്ള പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് കൃത്യമായ അവലോകനം നടത്താനും ഫലപ്രാപ്തിയിലെത്തിക്കാനും എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ ഊർജ്ജ വകുപ്പിന്റെ കീഴിൽ നടപ്പാക്കാനായി എത്ര പദ്ധതികളാണ് പ്രഖ്യാപിച്ചിരുന്നത് ; വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഇവയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ട വിവിധ പദ്ധതികളുടെ പുരോഗതി വിവിധ തലങ്ങളിലെ അവലോകന യോഗങ്ങൾ അടക്കമുള്ള മാർഗ്ഗങ്ങളിലൂടെ നിരീക്ഷിക്കുന്നുണ്ട്. പദ്ധതികളുടെ പുരോഗതി സർക്കാർ തലത്തിലും കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്ത് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നുണ്ട്.

(ബി) 11. വിശദാംശങ്ങൾ അനുബന്ധം ആയി വച്ചിട്ടുണ്ട്.*

(സി) ഉത്തരം അനുബന്ധം ആയി വച്ചിട്ടുണ്ട്.*

വൈദ്യുതി ക്ഷാമം നേരിടാൻ നടപടി

36 (2274) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം കടുത്ത വൈദ്യുതി ക്ഷാമത്തിലേക്ക് എത്തിക്കൊണ്ടിരിക്കുന്ന സാഹചര്യം നേരിടാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ബി) ആഭ്യന്തര വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിന് ഉടൻ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന് പുറത്ത് നിന്നും വൈദ്യുതി വിലക്ക് വാങ്ങുന്നതിന് ഏതൊക്കെ കരാറുകളിൽ ബോർഡ് ഏർപ്പെട്ടിട്ടുണ്ട്, അവയിൽ ദീർഘകാല കരാറുകൾ എത്രയെണ്ണമെന്നും, ഏതൊക്കെയെന്നും അറിയിക്കുമോ ;

(ഡി) മേൽക്കരാറുകളിൽ ഓരോന്നിലെയും വൈദ്യുതി വിലയും മറ്റ് വിശദാംശങ്ങളും നൽകുമോ ;

(ഇ) അന്യസംസ്ഥാനത്ത് നിന്നും വൈദ്യുതി എത്തിക്കുവാനായി നിർമ്മാണ ഘട്ടത്തിലുള്ളതും, ഉടൻ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതുമായ പ്രസരണ ലൈനുകൾ ഏതൊക്കെയാണ് ; അവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിലവിൽ തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ ;

(എഫ്) എങ്കിൽ തടസ്സങ്ങൾ എന്തെന്നും, അവ ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ എന്താണെന്നും അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത പ്രതിവർഷം 1500 ദശലക്ഷം യൂണിറ്റും പീക്ക് ഡിമാന്റ് 300 മെഗാവാട്ടും വീതം വർദ്ധിച്ചു വരികയാണ്. എന്നാൽ വനം-പാരിസ്ഥിതികാനുമതികൾ ലഭിക്കാത്തതിനാൽ, സംസ്ഥാനത്ത് വലിയ ജലവൈദ്യുത പദ്ധതികളൊന്നും തന്നെ ആരംഭിക്കാൻ കഴിയാത്ത സ്ഥിതി വിശേഷമാണ് നിലവിലുള്ളത്. ചെറുകിട ഇടത്തരം ജല വൈദ്യുത പദ്ധതികൾ മാത്രമാണ് നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്ത്, കൽക്കരി, ലിഗ്നൈറ്റ് മുതലായ ചെലവുകുറഞ്ഞ ഇന്ധനങ്ങളും ലഭ്യമല്ല. നിലവിലുള്ള ജലവൈദ്യുത പദ്ധതികളിൽ നിന്നും, കേന്ദ്രപൂളിൽ നിന്നും, കാറ്റാടി നിലയങ്ങളിൽ നിന്നും, ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നുമായി, സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ ഊർജ്ജാവശ്യകതയുടെ 80 ശതമാനത്തോളം മാത്രമേ ലഭ്യമാക്കാൻ കഴിയുന്നുള്ളൂ. ബാക്കി ഊർജ്ജാവശ്യകത, സംസ്ഥാനത്തിനു പുറമേ നിന്നുള്ള വൈദ്യുതി ഉല്പാദകരിൽ നിന്നും, വ്യാപാരികളിൽ നിന്നും, മത്സരാധിഷ്ഠിത ടെണ്ടർ വഴിയും ഉഭയകക്ഷി കരാറുകളിലൂടെയും വാങ്ങി ഉപയോഗിക്കുന്നതിനാണ് വൈദ്യുതി ബോർഡ് ലക്ഷ്യമിടുന്നത്. ഇപ്രകാരം അടുത്ത വർഷത്തേക്ക് ഹ്രസ്വകാലാടിസ്ഥാനത്തിൽ 300 മെഗാവാട്ട് വൈദ്യുതി ദക്ഷിണേന്ത്യൻ വ്യാപാരികളിൽ നിന്നും വാങ്ങുന്നതിനും, മത്സരാധിഷ്ഠിത ടെണ്ടർ മുഖേന 400 മെഗാവാട്ട് വൈദ്യുതി, 2014 മേയ് മുതൽ 2017 ഫെബ്രുവരി വരെയുള്ള കാലയളവിലേക്ക് വാങ്ങുന്നതിനായി കരാറിലേർപ്പെട്ടിട്ടുണ്ട്. എന്നാൽ ദക്ഷിണേന്ത്യയിലേക്ക്, രാജ്യത്തിന്റെ ഇതര മേഖലകളിൽ നിന്ന് വൈദ്യുതി എത്തിക്കുന്നതിനുള്ള പ്രസരണ ഇടനാഴിയുടെ അപര്യാപ്തത കാരണം ടി വൈദ്യുതി കൊണ്ടുവരുന്നതിന് കഴിയുന്നില്ല. ടി കുറവ്, ഇപ്പോൾ ഒരു പരിധിവരെ സംസ്ഥാനത്തിനകത്തുള്ള ദ്രവ ഇന്ധന നിലയങ്ങളായ കായംകുളം ബി.എസ്.ഇ.എസ്. നിലയം ഇടങ്ങിയവയിൽ നിന്ന് വില കൂടിയ വൈദ്യുതി, കൂടുതലായി ഉല്പാദിപ്പിച്ചാണ് നിറവേറ്റുന്നത്. എന്നാൽ ദീർഘകാലാടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ ഊർജ്ജാവശ്യകത പരിഹരിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. ടാറ്റ മൈത്തോൺ കമ്പനിയിൽ നിന്നും 150 മെഗാവാട്ട് വൈദ്യുതി, 25 വർഷത്തേക്ക് കേന്ദ്ര കമ്മീഷൻ അംഗീകരിക്കുന്ന നിരക്കിൽ വാങ്ങുന്നതിന് 2013-2014 -ൽ കരാറിലേർപ്പെട്ടിട്ടുണ്ട്.

2. 250 മെഗാവാട്ട് വൈദ്യുതി ദാമോദർവാലി കോർപ്പറേഷനിൽ നിന്നും കേന്ദ്ര കമ്മീഷൻ അംഗീകരിക്കുന്ന നിരക്കിൽ 25 വർഷത്തേക്ക് ദീർഘകാലാടി സ്ഥാനത്തിൽ വാങ്ങുന്നതിന് 2013-14-ൽ കരാറിലേർപ്പെട്ടിട്ടുണ്ട്.

3. 850 മെഗാവാട്ട് വൈദ്യുതി, മത്സരാധിഷ്ഠിത ദർഘാസുകൾ മുഖേന ദീർഘകാലാടിസ്ഥാനത്തിൽ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

4. ഇതുകൂടാതെ, ചീമേനിയിൽ കൽക്കരി/എൽ.എൻ.ജി. ഉപയോഗിച്ചുള്ള താപ വൈദ്യുത നിലയം സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചിട്ടുണ്ട്. വൈദ്യുതി ബോർഡിന്റെ ബി.ഡി.പി.പി. നിലയം, എൽ.എൻ.ജി. അടിസ്ഥാനമാക്കിയുള്ള ഒരു നിലയമാക്കി മാറ്റുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. വൈദ്യുതി ബോർഡ് തന്നെ 300 മെഗാവാട്ടോളം സ്ഥാപിത ശേഷിയുള്ള പുതിയ ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നുണ്ട്. ഇതുകൂടാതെ, സൗരോർജ്ജ നിലയങ്ങളിൽ നിന്നും കൂടുതൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

(ബി) ഊർജ്ജോല്പാദനത്തിനായി പരിഗണിക്കേണ്ട ജലവൈദ്യുത പദ്ധതികൾക്കായി ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതിൻപ്രകാരം താഴെ പറയുന്ന 12 ചെറുകിട ജലവൈദ്യുത പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാനുദ്ദേശിക്കുന്നു.

1	അപ്പർകല്ലാർ	2 MW
2	ചിന്നാർ	24 MW
3	പീച്ചാട്	3 MW
4	വെസ്റ്റേൺ കല്ലാർ	5 MW
5	പെരുവണ്ണാമൂഴി	6 MW
6	പഴശ്ശിസാഗർ	15 MW
7	മാർമ്മല	7 MW
8	മരിപ്പുഴ	6 MW
9	ഒലിക്കൽ	5 MW
10	പൂവാരംതോട്	3 MW
11	ചെമ്പുക്കടവ് - III	7.5 MW
12	അപ്പർ ചെങ്കുളം	24 MW
	ആകെ	107.5 MW

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ 54.25 MW സ്ഥാപിതശേഷിയുള്ള 11 പദ്ധതികളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് മേയ് 2015-ന് മുൻപ് പൂർത്തീകരിക്കാനും, 61.25 MW-ന്റെ 10 പുതിയ പദ്ധതികൾ അടുത്ത രണ്ട് വർഷത്തിനകം ഇൻവെസ്റ്റിഗേഷൻ നടത്തി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് പൂർത്തിയാക്കാനും, കാറ്റിൽ നിന്നും സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതികളും ലക്ഷ്യമിട്ടു നടപ്പിലാക്കാനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി&ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡ് നിലവിൽ ഏർപ്പെട്ടിട്ടുള്ള കരാറുകളുടെ വിവരം അനുബന്ധം ആയി രേഖപ്പെടുത്തിയിരിക്കുന്നു.*

(ഇ&എഫ്) അന്യസംസ്ഥാനത്തു നിന്നും വൈദ്യുതി എത്തിക്കുന്നതിനായി നിർമ്മിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്ന അന്തർസംസ്ഥാന ലൈനുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:

1. 400 കെ.വി. മൈസൂർ-അരിക്കോട് ഡബിൾ സർക്യൂട്ട് ലൈൻ - പ്രസ്തുത ലൈനിന്റെ കേരളത്തിലുള്ള ഭാഗത്തെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കർണ്ണാടക ഭാഗത്ത് കാപ്പി കർഷകരുടെ എതിർപ്പുമൂലം നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്. ഇതു പരിഹരിക്കുന്നതിനായി സർക്കാർ തലത്തിലും CEA യും SRPC യുടെയുള്ള ഫോറങ്ങളിലും ചർച്ചകൾ നടന്നുവരുന്നു. പ്രശ്നങ്ങൾ പരിശോധിക്കുന്നതിനായി കർണ്ണാടക ഗവൺമെന്റ് രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ പുനരാരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

2. കൂടംകുളത്തു നിന്നും കേരളത്തിലേക്ക് വൈദ്യുതി കൊണ്ടു വരുന്നതിനായി PGCIL നിർമ്മിക്കുന്ന 400 കെ.വി. തിരുനെൽവേലി - മാടക്കത്തറ ലൈനിന്റെ ഇടമൺ-കൊച്ചി ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ ഒഴിച്ച് മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. ഇടമൺ - കൊച്ചി ഭാഗത്തെ നിർമ്മാണം കർഷകരുടെ എതിർപ്പുമൂലമാണ് തടസ്സപ്പെട്ടിരിക്കുന്നത്. ഇതു പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചർച്ചകൾ അന്തിമ ഘട്ടത്തിലാണ്.

3. കർണ്ണാടകത്തിലെ ഉഡുപ്പിയിൽ നിന്നും മൈലാട്ടി-അരിക്കോട് ഡബിൾ സർക്യൂട്ട് ലൈനും മൈലാട്ടിയിൽ ഒരു 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനും അനുമതി ലഭിച്ചിട്ടുണ്ട്.

കൂടാതെ കർണ്ണാടകത്തിലെ കോനാജേയിൽ നിന്നും കേരളത്തിലേക്ക് വൈദ്യുതി കൊണ്ടു വരുന്ന കോനാജേ - മഞ്ചേശ്വരം 110 കെ.വി. ലൈനിന്റെ കേരളത്തിലെ ഭാഗത്തെ 110 കെ. വി. തവിടുഗൊളി - മൈലാട്ടി സിംഗിൾ സർക്യൂട്ട് ലൈൻ ഡബിൾ സർക്യൂട്ട് ലൈനാക്കി ശക്തിപ്പെടുത്താനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly